# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2419** **09-12-2014 ലെ മറുപടിയ്ക്ക്**

## കേരള സംസ്ഥാന ലോട്ടറി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **എ)** സംസ്ഥാനത്ത് നിലവിലുള്ള ഓരോ ലോട്ടറിയുടെയും എത്ര ടിക്കറ്റുകൾ വീതമാണ് അച്ചടിക്കുന്നതെന്നും അവ എവിടെയെല്ലാമാണ് അച്ചടിക്കുന്നതെന്നും പറയാമോ ; | **എ)** സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളും അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| **ബി)** ലോട്ടറി ടിക്കറ്റ് വിറ്റുവരവിൽ കഴിഞ്ഞ വർഷം എത്ര തുകയാണ് ലഭ്യമായതെന്നും ഈ വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവ് എത്രയാണെന്നും, ലാഭം എത്രയാണെന്നും പറയാമോ ; | **ബി)** 2013-14 സാമ്പത്തിക വർഷം 3793.84 കോടി രൂപ വിറ്റുവരവുണ്ടായിട്ടുണ്ട്. ഇതിൽ ലാഭം 788.42 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവ് 5500 കോടി രൂപയും, ലാഭം ഏകദേശം 1175 കോടി രൂപയുമാണ്. |
| **സി)** ഏജന്റുമാരുടെ വർധനവും ടിക്കറ്റ് വില്പനയിലെ വർധനവും അതുവഴി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലെ ബുദ്ധിമുട്ടുകളും പരിഗണിച്ച് പ്രസ്തുത ഓഫീസുകളുടെ അടിസ്ഥാന സൗകര്യ ങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | **സി)** ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരികയാണ്. ജില്ലാ ഭാഗ്യക്കുറി ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർ വൽകരിക്കുന്നതിനും നിലവിലെ ടിക്കറ്റ് വിതരണം കാര്യക്ഷമമാക്കുന്നതിനുമായി Software enhancement അടക്കമുള്ള പരിഷ്കരണങ്ങളും പരിഗണനയിലാണ്. കൂടാതെ സ്ഥല പരിമിതിയുള്ള ഓഫീസുകൾ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| **ഡി)** ലോട്ടറി വില്പന കേന്ദ്രങ്ങളിലെ സുരക്ഷിതത്വവും വർദ്ധിച്ച സാമ്പത്തിക ഇടപാടുകളും പരിഗണിച്ച് ഈ ഓഫീസുകളിൽ താൽക്കാലിക ജീവന ക്കാർക്കു പകരം സ്ഥിരം തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | **ഡി)** നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| ഭാഗ്യക്കുറി | നറുക്കെടുക്കുന്ന ആഴ്ച | ടിക്കറ്റ് അച്ചടിക്കുന്ന പ്രസ് | അച്ചടിക്കുന്ന ടിക്കറ്റിന്റെ എണ്ണം |
|---|---|---|---|
| പൗർണമി | ഞായർ | KBPS, എറണാകുളം | 56 ലക്ഷം |
| വിൻവിൻ | തിങ്കൾ | KBPS, എറണാകുളം | 56 ലക്ഷം |
| ധനശ്രീ | ചൊവ്വ | c-apt തിരുവനന്തപുരം | 30 ലക്ഷം |
| അക്ഷയ | ബുധൻ | KBPS, എറണാകുളം | 56 ലക്ഷം |
| കാരുണ്യ പ്ലസ് | വ്യാഴം | c-apt തിരുവനന്തപുരം | 30ലക്ഷം |
| ഭാഗ്യനിധി | വെള്ളി | KBPS, എറണാകുളം | 56 ലക്ഷം |
| കാരുണ്യ | ശനി | KBPS, എറണാകുളം | 30 ലക്ഷം |

**ബമ്പർ ഭാഗ്യക്കുറികൾ**

| ക്രമ നം. | ഭാഗ്യക്കുറി | അച്ചടിക്കുന്ന പ്രസ് | ടിക്കറ്റിന്റെ എണ്ണം |
|---|---|---|---|
| 1 | ക്രിസ്തുമസ് - ന്യു ഇയർ ബമ്പർ | KBPS, എറണാകുളം | 20 ലക്ഷം മുതൽ 51 ലക്ഷം വരെ |
| 2 | സമ്മർ ബമ്പർ | | |
| 3 | വിഷു ബമ്പർ | | |
| 4 | മൺസൂൺ ബമ്പർ | | |
| 5 | തിരുവോണം ബമ്പർ | | |
| 6 | പൂജാ ബമ്പർ | | |

സെക്ഷൻ ഓഫീസർ